**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1181** **29-06-2026-ൽ മറുപടിയ്ക്ക്**

**'നാട്ടരങ്ങ്' പദ്ധതി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. മമ്മിക്കുട്ടി

ശ്രീ. പി. സി. വിഷ്ണുനാഥ്
(വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി)

**(എ)** സാംസ്കാരിക വകുപ്പ് നടപ്പാക്കി വരുന്ന 'നാട്ടരങ്ങ്' പദ്ധതിയുടെ പ്രധാന ലക്ഷ്യം എന്താണെന്ന് വിശദമാക്കാമോ;

**മറുപടി:** ഗ്രാമീണ മേഖലയിലും ചെറുപട്ടണങ്ങളിലും കലാ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് വേദികൾ ലഭ്യമല്ലാത്തിടങ്ങളിൽ മതിയായ സ്ഥലസൗകര്യമുള്ള പാതയോരങ്ങളോ പൊതുഇടങ്ങളോ കണ്ടെത്തി 'നാട്ടരങ്ങ്' എന്ന പേരിൽ രംഗവേദികൾ സ്ഥാപിക്കുക എന്നതാണ് നാട്ടരങ്ങ് പദ്ധതിയുടെ ലക്ഷ്യം.

**(ബി)** സംസ്ഥാനത്ത് നിലവിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് നാട്ടരങ്ങുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

**മറുപടി:** പാലക്കാട് ജില്ലയിലെ വടക്കഞ്ചേരി, മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന്, ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ, എറണാകുളം ജില്ലയിലെ ആലങ്ങാട്, തൃശ്ശൂർ ജില്ലയിലെ അന്നമനട എന്നിവിടങ്ങളിലാണ് നാട്ടരങ്ങുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത്.

**(സി)** ഈ പദ്ധതിക്കായി 2021-22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ വകയിരുത്തിയ ബജറ്റ് തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**മറുപടി:**

| ക്രമ നം | സാമ്പത്തിക വർഷം | അനുവദിച്ച തുക |
|---|---|---|
| 1 | 2021-22 | ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല |
| 2 | 2022-23 | 1,40,00,000 |
| 3 | 2023-24 | 1,00,00,000 |
| 4 | 2024-25 | 50,00,000 |
| 5 | 2025-26 | 50,00,000 |

| | | |
|---|---|---|
| 6 | 2026-27 | 45,00,000 |

**സെക്ഷൻ ഓഫീസർ**